"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഷീല.കെ.വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)1085/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2323/2023/LSGD തീയതി,തിരുവനന്തപുരം, 24-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി.ഷീല.കെ.വി. സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ (അനക്ഷർ എ7 )
3. ശ്രീമതി.ഷീല.കെ.വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)1085/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.11.2023 തീയതിയിലെ LSGD/PD/46490/2023-DEB1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി തൃശ്ശൂർ കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഷീല.കെ.വി. സമർപ്പിച്ച പരാമർശം 2അപ്പീൽ (അനക്ഷർ എ7) പ്രകാരം, തൃശ്ശൂർ കോർപ്പറേഷനിൽ നിലനിർത്തണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.ഷീല.കെ.വി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)1085/2023 നമ്പർ കേസിലെ 10.07.2023 അപേക്ഷകയുടെ അനക്ഷർ എ 7 അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.ഷീല.കെ.വി. സമർപ്പിച്ച അനക്ഷർ എ 7അപ്പീൽ അപേക്ഷ പ്രകാരം തൃശ്ശൂർ കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന തന്നെ 2023 ജനറൽ ട്രാൻസ്ഫറിൽ പുത്തൂർ പഞ്ചായത്തിലേക്കുള്ള സ്ഥലംമാറ്റിയതായും, 31.05.2025ൽ വിരമിക്കുന്നതാണെന്നും ഹോം സ്റ്റേഷൻ തൃശ്ശൂർ കോർപ്പറേഷനായതിനാലും, മാതാവ്, സഹോദരി എന്നിവരുടെ സംരക്ഷണത്തിനും പുത്തൂർ പഞ്ചായത്തിലേക്കുള്ള സ്ഥലംമാറ്റം റദ്ദ്

ചെയ്ത് തൃശ്ശൂർ കോർപ്പറേഷനിൽ നിലനിർത്തണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീമതി.ഷീല.കെ. വി. തൃശ്ശൂർ കോർപ്പറേഷനിൽ 21.11.2019 മുതൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണ് പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുള്ള സർക്കാർ ഉത്തരവ് പ്രകാരം, ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31-ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതാണെന്നും, ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പൊതു സ്ഥലം മാറ്റത്തിൽ സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേയ്ക്ക് മാത്രമേ ടിയാളെ പരിഗണിക്കുകയുള്ളുവെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ് എന്നും അറിയിക്കുന്നു.

4. ശ്രീമതി.ഷീല.കെ.വി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, Proverty alleviation Unit, Thrissur Rural Development എന്നിവയാണ് ഓപ്ഷൻ നൽകിയിരുന്നത് എന്നും പൊതുസ്ഥലമാറ്റ മാനദണ്ഡ പ്രകാരം ടിയാരി ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ ടിയാളെക്കാൾ സീനിയോറിറ്റി ഉള്ള ജീവനക്കാർ അപേക്ഷിച്ചതിനാലാണ് ടിയാന് ടി ഓപ്ഷനുകളിൽ സ്ഥലംമാറ്റം ലഭ്യമാകാതിരുന്നത് എന്നും കോടതി വിധിയിന്മേൽ സർക്കാർ ഉത്തരവ് ആകുന്ന മുറയ്ക്ക് തുടർ ഉത്തരവ് പുറപ്പെടുവിക്കും എന്ന വ്യവസ്ഥയിൽ ശ്രീമതി.ഷില.കെ.വി-യെ തൃശ്ശൂർ കോർപ്പറേഷനിൽ താൽക്കാലികമായി നിലനിർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും തുടർന്ന് ടിയാളുടെ ഓപ്ഷനായ തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ ഒഴിവ് വന്ന മുറയ്ക്ക് ശ്രീമതി.ഷീല.കെ.വി-യെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുണ്ടെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. മേൽ അപ്പീൽ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 15.11.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം 21.11.2019മുതൽ തൃശ്ശൂർ കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഷീല കെ.വി. ടി നഗരസഭയിൽ 3 വർഷം പൂർത്തിയാക്കിയതിനാലാണ് സ്ഥലം മാറ്റിയിരുന്നത്. പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ ടിയാളെക്കാൾ സീനിയോറിറ്റി ഉള്ള ജീവനക്കാർ അപേക്ഷിച്ചതിനാലാണ് ടിയാളുടെ ഓപ്ഷനുകളിൽ സ്ഥലംമാറ്റം ലഭ്യമാകാതെയിരുന്നത്. എന്നാൽ നിലവിൽ 17.08.2023തീയതിയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീമതി.ഷീല കെ.വി.-യെ ടിയാരിയുടെ ഓപ്ഷനായ തൃശ്ശൂർ ജില്ലാ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതാണ്. ആയതിനാൽ തൃശ്ശൂർ കോർപ്പറേഷനിൽ നിലനിർത്തണമെന്ന അപ്പീൽ അപേക്ഷയിലെ വാദം നിലനിൽക്കുന്നതല്ലായെന്ന് കണ്ട് അപേക്ഷ കമ്മിറ്റി നിരസിക്കുകയുണ്ടായി.

6. മേൽ സാഹചര്യത്തിൽ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി തൃശ്ശൂർ കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഷീല.കെ.വി. സമർപ്പിച്ച അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ചുകൊണ്ട് അനക്ഷർ എ 7 അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഒ.എ(ഇകെഎം)1085/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി.ഷീല.കെ.വി., സൂപ്രണ്ട്, തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-11-2023 11:39:46
സെക്ഷൻ ഓഫീസർ